# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 400 29-11-2018 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ. യു.ആർ. പ്രദീപ്**

**മറുപടി**

**ഡോ.ടി.എം.തോമസ് ഐസക്**

ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## റവന്യൂ വരുമാനത്തിൽ ഉണ്ടായ കുറവ്

| | | |
|---|---|---|
| (എ) | നോട്ട് നിരോധനം മൂലമുണ്ടായ വ്യാവസായിക മാന്ദ്യവും സാമ്പത്തിക മാന്ദ്യവും മൂലം സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ ഇതേ വരെ എത്ര കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; അറിയിക്കുമോ; | നോട്ട് നിരോധനം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് അപ്രതീക്ഷിത തിരിച്ചടിയാണ് പൊതുവിൽ ഏൽപ്പിച്ചത്. അതിന്റെ പ്രതിഫലനങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയെയും ഗുരുതരമായി ബാധിച്ചു. സംസ്ഥാന ആഭ്യന്തരോൽപ്പാദനത്തിൽ ഇടിവുണ്ടാവുകയും തൽഫലമായി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിനെ സാരമായി ബാധിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ നോട്ട് നിരോധനം ഏറ്റവും കൂടുതൽ ബാധിച്ചത് പരമ്പരാഗത മേഖലയെയും അസംഘടിത മേഖലയിൽ നിന്നുള്ള വരുമാനത്തെയുമാണ്. കയർ, കൈത്തറി, കൃഷി തുടങ്ങിയ മേഖലകളിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നോട്ട് ക്ഷാമം മൂലം ഏതാണ്ട് നിശ്ചലമായി. കേരളത്തിന്റെ ഗ്രാമീണ, നഗര സമ്പദ് വ്യവസ്ഥ ഉയർത്തിപ്പിടിക്കുന്നതിൽ ദീർഘകാല പാരമ്പര്യമുള്ള സഹകരണ മേഖല നോട്ട് റദ്ദാക്കൽ മൂലം അടച്ചുപൂട്ടലിന്റെ വക്കിലെത്തി. നോട്ട് നിരോധനത്തെത്തുടർന്ന് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്നു. ഉപഭോഗ ആവശ്യങ്ങൾ നിശ്ചലമായി. നോട്ട് നിരോധനത്തിന്റെ അനിവാര്യഫലമായി സാമ്പത്തിക വളർച്ചാ നിരക്ക് ഇടിയുകയും നിക്ഷേപത്തെ ബാധിക്കുകയും ചെയ്തു. നോട്ട് നിരോധിക്കാനുള്ള അപ്രതീക്ഷിത |
| (ബി) | ഈ കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ? | |

| | | |
|---|---|---|
| | | തീരുമാനം, വരുമാന വർദ്ധനവിലൂടെ നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള സർക്കാർ നയങ്ങളെ പ്രതികൂലമായി ബാധിച്ചു. ഉപഭോഗചെലവിൽ പ്രതിഫലിച്ചിരുന്ന ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും അതിനനുസരിച്ചുള്ള ഉപഭോഗചെലവും സംസ്ഥാന വരുമാനത്തിന്റെ നെടുംതൂണായിരുന്നു. ഉപഭോഗചെലവിലുണ്ടായ കുറവ് സംസ്ഥാന ഖജനാവിനെ ബാധിച്ചു. 2016-2017 - ൽ നികുതി വരുമാനം ഉയർത്താനുള്ള സർക്കാരിന്റെ ശ്രമം നോട്ട് നിരോധനം പരാജയപ്പെടുത്തുകയും തന്മൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ പ്രതീക്ഷിത വളർച്ചാ നിരക്കായ 14.24 ശതമാനത്തിന്റെ സ്ഥാനത്ത് 8.16 ശതമാനം മാത്രമേ കൈവരിക്കാൻ കഴിഞ്ഞുള്ളൂ. ഇത് സംസ്ഥാന ബജറ്റിൽ വിഭാവനം ചെയ്തിരുന്ന സാമ്പത്തിക സൂചകങ്ങളെ പാടെ തകിടം മറിച്ചു.<br>നോട്ട് നിരോധനത്തെത്തുടർന്ന് മാന്ദ്യം നേരിട്ട പരമ്പരാഗത മേഖലകൾക്ക് ഉണർവേകുവാൻ സർക്കാർ ഊർജ്ജിതമായി ഇടപെടുകയും ബന്ധപ്പെട്ട മേഖലകളിലെ പദ്ധതികൾക്ക് മതിയായ വിഹിതം വകയിരുത്തുകയും ചെയ്തു. തൽഫലമായി പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളെ ചലനാത്മകമാക്കുന്നതിന് കഴിഞ്ഞു. സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമായി ഈ മേഖലകൾ ഇപ്പോൾ തിരിച്ചുവരവിന്റെ പാതയിലാണ്. |

അക്കൗണ്ട്സ് ഓഫീസർ